**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ ററി . വി. രാജേഷ്,<br>ശ്രീ . ജോർജ് എം .തോമസ് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാന താൽപര്യം കണക്കിലെടുക്കാതെ സംസ്ഥാനത്തെ ഏറ്റവും വലിയതും തന്ത്രപ്രധാനവുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ വിറ്റഴിക്കുന്ന കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ വ്യവസായാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ; | (എ) | രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അര നൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ച വരുന്ന ബി.പി.സി.എൽ - ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്രസർക്കാരിന്റേതാണ്. മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. കമ്പനി സ്വകാര്യവൽക്കരിക്കുന്നതിലൂടെ പാചക വാതകത്തിന് ലഭിച്ച വരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുന്നതിനും വഴിയൊരുക്കും. രാജ്യത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെതന്നെ ബാധിക്കുന്നതിനോടൊപ്പം പ്രതിവർഷം ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്നതും ഇല്ലാതാകും. റിഫൈനറിയുടെ പരിസരത്തെ ജനങ്ങളുടെ ക്ഷേമത്തിനായി CSR ന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായി നിലയ്ക്കുന്ന അവസ്ഥയും നിർദ്ദിഷ്ട സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങളായി സംജാതമാകും. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. വലിയ തോതിലുള്ള മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് |

| | | | |
|---|---|---|---|
| | | | ലഭ്യമാകേണ്ടതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും എന്ന ആശങ്ക നിലനിൽക്കുന്നു. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | കേന്ദ്ര സർക്കാർ പൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സംസ്ഥാനത്തിന്റെ നിരന്തരസമ്മർദ്ദത്തിനൊടുവിൽ സംസ്ഥാനത്തിന് വിലയ്ക്ക് കൈമാറാൻ കേന്ദ്രസർക്കാർ സന്നദ്ധമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ)നെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽ നിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. എച്ച്.എൻ.എൽ-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിലെ NCLT ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ HPCL ലിക്വിഡേഷനിൽ ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ 25കോടി രൂപ നൽകി കേരളം വാങ്ങുന്നതിന് NCLT ന്യൂഡൽഹി ബഞ്ച് അനുവദിച്ചിരുന്നു. എങ്കിലും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ ബാങ്ക് 28.11.2019 ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ NCLT കൊച്ചി ബഞ്ചിന്റെ ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവെൻസി റെസൊല്യൂഷൻ പ്രോസെസ്സിന് വിധേയമാക്കി. റെസൊല്യൂഷൻ പ്രൊഫഷണൽ മുമ്പാകെ റെസൊല്യൂഷൻ പ്ലാൻ സമർപ്പിക്കാൻ സർക്കാർ കിൻഫ്രയെ ചുമതലപ്പെടുത്തിയതനുസരിച്ച് സമർപ്പിക്കപ്പെട്ട റെസൊല്യൂഷൻ പ്ലാൻ, കമ്മിറ്റി |

| | | | |
|---|---|---|---|
| | | | ഓഫ് ക്രഡിറ്റേഴ്സ് (CoC)അംഗീകരിച്ചിട്ടുണ്ട്. കമ്മിറ്റി ഓഫ് ക്രഡിറ്റേഴ്സ് ന്റെ ശുപാർശയോടു കൂടി NCLT അംഗീകരിക്കുന്നതോടുകൂടി, എച്ച്.എൻ.എൽ ന്റെ ഏറ്റെടുക്കൽ നടപടി സാധ്യമാകും. |
| (സി) | കേന്ദ്രസർക്കാർ വിറ്റൊഴിവാക്കാൻ തീരുമാനിച്ച പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് എന്നിവ വാങ്ങാനുള്ള സംസ്ഥാനത്തിന്റെ ശ്രമം വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | രാജസ്ഥാനിലെ കോട്ടയിലുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ subsidiary ആണ് പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. നീതി ആയോഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര ഉദ്യോഗസ്ഥ തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയും വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്രഘന വ്യവസായ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374.59 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. നിരവധി തൊഴിലാളികൾ ജോലി ചെയ്തുവരുന്ന സ്ഥാപനം ഇന്ത്യൻ റെയിൽവേയ്ക്കും പ്രതിരോധ സേനകൾക്കും ആവശ്യമായ യന്ത്രസാമഗ്രികളാണ് നിർമ്മിച്ചുവരുന്നത്. ആഗോള ടെൻഡറുകൾ വഴി |

| | | | |
|---|---|---|---|
| | | | ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ